ജില്ലാകോടതി പത്തനംതിട്ട

ഹാജർ : എൻ ഹരികുമാർ, ജില്ലാ ജഡ്ജി, പത്തനംതിട്ട

തീയതി :20.11.2025

നടപടിക്രമം

==

സിവിൽ നീതിന്യായ വകുപ്പ് – ജീവനക്കാര്യം – ജില്ലാ കോടതി, പത്തനംതിട്ട – ഭാഗിക സമയ ശുപ്പകാരിയുടെ തസ്തികയിൽ ശ്രീമതി. വിജയശ്രീ പി.പി, ശ്രീനന്ദനം, 705, മണക്കാല, പത്തനംതിട്ട, പിൻ : 691 551 – നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==

പരാമർശം :
1. പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 27.10.2025 -ാം തീയതിയിലെ 13-2025/746/O നമ്പർ ഉത്തരവ്.
2. 10.02.2021- ധനകാര്യവകുപ്പിന്റെ 27/2021 ലെ അക്കമായുള്ള അച്ചടിച്ച ഉത്തരവ്.
3. പത്തനംതിട്ട ജില്ലാ ജഡ്ജിയുടെ 19.11.2025 ലെ ജെ.എസ്.-I- 17817/2025 അക്കമായ ഉത്തരവ്.

ഉത്തരവ് ജെ.എസ്-I-17817/2025

പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പരാമർശം 1 ആയി സമർപ്പിച്ച പട്ടികയിലെ ഉദ്യോഗാർത്ഥികളിൽ നിന്നും 18.11.2025 തീയതിയിൽ നടത്തിയ അഭിമുഖത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ട **ശ്രീമതി. വിജയശ്രീ പി.പി, ശ്രീനന്ദനം, 705, മണക്കാല, പത്തനംതിട്ട, പിൻ : 691 551** ഈ വകുപ്പിന്റെ കീഴിൽ **മുൻസിഫ് കോടതി, അടൂർ** – ൽ ഭാഗിക സമയ ശുപ്പകാരിയായി താല്ക്കാലികമായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം 2 ലെ ശമ്പള പരിഷ്കരണ ഉത്തരവിലൂടെ ഭാഗിക സമയ ശുപ്പകാർക്ക് അവരുടെ പ്രവർത്തിമേഖലയുടെ വിസ്തീർണ്ണത്തിനനുസൃതമായി വേതന നിരക്കുകൾ അനുവദിച്ചിട്ടുള്ളതാകുന്നു. ടി ഉത്തരവിലെ പ്രാഥമിക നിരക്കായ 11500-300-14500-330-17140-360-18940-ൽ നിജപ്പെടുത്തിയിരിക്കുന്നു.

ടിയാൾ **മുൻസിഫ് കോടതി, അടൂർ** മുമ്പാകെ ഈ ഉത്തരവ് ലഭിച്ച് **15 ദിവസത്തിനകം** താഴെ പറയുന്ന രേഖകൾ സഹിതം ഹാജരായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ആയതിനു കഴിഞ്ഞിട്ടില്ലെങ്കിൽ ടിയാളുടെ നിയമനം ഇനിയൊരറിയിപ്പ് കൂടാതെ റദ്ദാക്കപ്പെടുന്നതാണ്.

ഹാജരാക്കേണ്ട രേഖകൾ

1. പേര്, ജനനതീയതി, യോഗ്യത, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ, മേൽവിലാസം (ഇപ്പോഴുള്ളതും സ്ഥിരമായതും) ജാതി എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സാക്ഷ്യപത്രങ്ങൾ.

2. ടിയാന്റെ സ്വഭാവവും പൂർവ്വകാല ചരിത്രവും തൃപ്തികരമാണെന്ന് തെളിയിക്കുന്നതിലേക്കായി 2 വ്യത്യസ്ത ഗസറ്റഡ് ഉദ്യോഗസ്ഥന്മാരിൽ നിന്നു ലഭിച്ച സാക്ഷ്യപത്രങ്ങൾ.

3. ടി തസ്തികയിലെ ജോലികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ആരോഗ്യക്ഷമതയുണ്ടെന്ന് തെളിയിക്കുന്ന വൈദ്യ പരിശോധനാ സർട്ടിഫിക്കേറ്റ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തെറ്റായ വിവരം നൽകി രജിസ്റ്റർ ചെയ്തതായോ തെറ്റായി നാമനിർദേശം ചെയ്തതായോ പിന്നീട് തെളിയുന്നപക്ഷം ബന്ധപ്പെട്ട വ്യക്തിക്ക് വിശദീകരണം നൽകാൻ ന്യായമായ അവസരം നൽകിയതിനുശേഷം തെറ്റായി നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയെ പിരിച്ചുവിടുന്നതാണ്.

ജോലിയിൽ പ്രവേശിച്ച ഉദ്യോഗാർത്ഥിയുടെ ടി തസ്തികയിലെ തുടർച്ചയായ രണ്ടു വർഷത്തിനകത്തുള്ള ഒരു വർഷ ഡ്യൂട്ടി പ്രൊബേഷൻ കാലമായിരിക്കുന്നതാണ്.

ക്രമ. നമ്പർ	ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും	ജനനതീയതി	രജി.നമ്പർ എംപ്ലോയ്മെന്റ് നമ്പർ	വിദ്യാഭ്യാസ യോഗ്യതയും മുൻ പരിചയവും
1	ശ്രീമതി.വിജയശ്രീ പി.പി, ശ്രീനന്ദനം, 705, മണക്കാല, പത്തനംതിട്ട, പിൻ : 691 551	01.04.1977	2025/148 X00110	SSLC, HSC

ഒപ്പ്/-
എൻ ഹരികുമാർ
ജില്ലാജഡ്ജി

സ്വീകർത്താവ്

1. മുൻസിഫ്, അടൂർ
2. ശ്രീമതി.വിജയശ്രീ പി.പി, ശ്രീനന്ദനം, 705, മണക്കാല, പത്തനംതിട്ട, പിൻ : 691 551
3. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, പത്തനംതിട്ട.
4. സെക്രട്ടറി, KCJSO, ജില്ലാ കമ്മറ്റി, പത്തനംതിട്ട.
5. കരുതൽ ഫയൽ/ഫയൽ.

//ശരി പകർപ്പ്//

(ഉത്തരവിൻപ്രകാരം)

ശിരസ്തദാർ